ആയിരക്കണക്കിനു കൃഷിക്കാർ ഇവിടെ വന്ന് സമരം നടത്തി. അവർ 1964-നു മുമ്പ് കൈവശംവച്ച് കൃഷി ചെയ്തുവരുന്ന ആളുകളാണ്. അവർക്ക് പട്ടയം കൊടുക്കുവാനാവശ്യമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ സത്വരമായ പരിഗണനയിലാണ്. ഈ വിഷയത്തെ സംബന്ധിച്ച് വനംവകുപ്പുമന്ത്രിയും ഇവിടെ സംസാരിച്ചുകഴിഞ്ഞു. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകൊണ്ട് ഏറ്റവുംവേഗം നടപടികൾ സ്വീകരിക്കുന്നതാണ്.

(26) അഞ്ചൽ കോളേജ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി

ശ്രീ. വി. സുരേന്ദ്രൻപിള്ള : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അഞ്ചലിലേയും പരിസരപ്രദേശങ്ങളിലേയും ജനങ്ങൾ കഴിഞ്ഞ വെള്ളിയാഴ്ച മുതൽ ആകെ പരിഭ്രാന്തിയുടെ വക്കിലെത്തിയിരിക്കുകയാണ്. വെള്ളിയാഴ്ച രാവിലെ അഞ്ചൽ സെന്റ് ജോൺസ് കോളേജ് ഹോസ്റ്റലിൽ ഒരു സംഘം സാമൂഹ്യവിരുദ്ധന്മാർ ഒരു കാറിൽ കടന്നുചെന്ന് ആ കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളെ അടിയ്ക്കുകയും വെട്ടുകയും കുത്തുകയും ചെയ്ത് അവശരാക്കി. അതിനെ തുടർന്ന് അന്നു വൈകിട്ടുതന്നെ സുദേവൻ എന്നു പറയുന്ന ഒരു സാമൂഹ്യ പ്രവർത്തകനെ അഞ്ചൽ ആർ. ഒ. ജംഗ്ഷനിൽവച്ച് ഒരു വിഭാഗം ആളുകൾ മർദ്ദിച്ച് അവശനാക്കി. അതിനെതുടർന്ന് കടകമ്പോളങ്ങൾ അടയ്ക്കുകയും ഇരുവിഭാഗം ആളുകൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും പ്രകടനങ്ങൾ നടത്തുകയും ചെയ്തു. പോലീസ് ഓടിയെത്തി അവിടെ അസ്വസ്ഥജനകമായ അന്തരീക്ഷം സൃഷ്ടിക്കാതിരിക്കാൻ നടപടി സ്വീകരിച്ചു. ശനിയാഴ്ച രാവിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽവെച്ച് യൂത്ത്കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റായ സുരേഷ് എന്നു പറയുന്ന ചെറുപ്പക്കാരനെ ഒരു സംഘം ആളുകൾ മാരകമായി അടിച്ചവശനാക്കി. സുരേഷിനെ ഞങ്ങൾ ഗവൺമെന്റ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തതിനുശേഷം രണ്ടു കാർ നിറയെ ആളുകൾ വീണ്ടും സുരേഷിനെ അടിയ്ക്കുന്നതിനുവേണ്ടി ഹോസ്പിറ്റലിനകത്ത് കടന്നുകയറി ബഹളമുണ്ടാക്കി. അതിൽ ഒരു കാറും കുറെ ആളുകളേയും അഞ്ചൽ പോലീസ് കസ്റ്റഡിയിലെടുത്തു. കോളേജ് ഇതുവരേയും തുറന്നിട്ടില്ല. വെള്ളിയാഴ്ച മുതൽ കോളേജ് അടച്ചിട്ടിരിക്കുകയാണ്. ആ പ്രദേശത്തുള്ള ആളുകൾക്കു മുഴുവൻ അസ്വസ്ഥജനകമായ ഒരു അന്തരീക്ഷം ഉണ്ടായിരിക്കുകയാണ്. കോളേജ് ഉടൻതന്നെ തുറന്ന് പ്രവർത്തിക്കാനുള്ള അടിയന്തിരനടപടിയുണ്ടാകണം.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, അഞ്ചൽ കോളേജ് തുറന്നതിനുശേഷമുണ്ടായ ചില സംഭവങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. അവിടെ കുറെ ആളുകൾ വിദ്യാർത്ഥികൾ താമസിക്കുന്ന ഒരു ലോഡ്ജിൽ കയറി അവരെ വെട്ടുകയും കുത്തുകയും ചെയ്തു. അവരെ മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. അതിനുശേഷം വീണ്ടും രണ്ടു സംഘട്ടനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പുറത്തു നടന്നു. ഇതിന്റെ പേരിൽ നാലു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചില ആളുകളെ അറസ്റ്റുചെയ്തു. അവരെ 15-ാം തീയതിവരെ റിമാന്റ് ചെയ്തിരിക്കുകയാണ്. ബാക്കിയുള്ള പ്രതികളെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. കോളേജ് അടച്ചിട്ടിരിക്കുകയാണ്. അവിടെ സമാധാനം പുനഃസ്ഥാപിച്ച് കോളേജ് തുറക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(27) ആദിവാസികളുടെ വംശനാശത്തെപ്പറ്റി

<u>ശ്രീ. കെ. വി. സുരേന്ദ്രനാഥ്</u> : സർ, നമ്മുടെ കേരളത്തിൽ ആദിവാസികളുടെ സംഖ്യ ക്രമാതീതമായി ചുരുങ്ങി ഒരു ശതമാനത്തിൽ താഴെയായിതീർന്നിട്ടുണ്ട്. ബാക്കിയുള്ളവർതന്നെ വളരെപേർ അതിർത്തികടന്ന് തമിഴ്നാട്ടിലേക്ക് താമസം മാറ്റുകയാണ്. കേരളത്തിലുള്ള ബാക്കി ആദിവാസികളുടെ ഭൂമിയാണെങ്കിൽ നഷ്ടപ്പെട്ടുകഴിഞ്ഞു. അട്ടപ്പാടിയിലും മറ്റും വളരെ കുറച്ചുപേർക്കേ ഭൂമിയുള്ളൂ. അവിടെ ഭൂരിപക്ഷവും വനവാസികളാണ്. വനവാസികളെന്നുവെച്ചാൽ കുടിയേറ്റക്കാർ. ആദിവാസി ന്യൂനപക്ഷവും വനവാസി ഭൂരിപക്ഷവുമാണ്. ഭൂമിയും വനവാസികളുടെ കയ്യിലാണിപ്പോൾ. ഇതിനെല്ലാംപുറമേ ഫാമിലിപ്ലാനിംഗ് വ്യാപകമായും ഫലപ്രദമായും നടപ്പാക്കി ആദിവാസിഗോത്രങ്ങളുടെ വംശനാശംവരുക എന്നുള്ള വലിയ ഒരാപത്ത് അവരെ തുറിച്ചുനോക്കുകയാണ്. അൽപ്പം മദ്യം കൊടുത്താൽ അൽപ്പം കഞ്ചാവ് കൊടുത്താൽ അൽപ്പം പൈസ കൊടുത്താൽ ശുദ്ധഗതിക്കാരനായ ആദിവാസിയെകൊണ്ട് വാസക്ടമി ചെയ്യിക്കാൻ ഒരു പ്രയാസവുമില്ല. പ്രൊമോട്ടേഴ്സ് വ്യാപകമായി നടപ്പിലാക്കി. ഇക്കണക്കിനുപോയാൽ അഞ്ചോ പത്തോ കൊല്ലംകൊണ്ട് ഒരു ശതമാനത്തിനുപോലും തികയാതെ ആദിവാസികളുടെ വംശനാശം വരും. വലിയ ഒരാപത്തായിതീർന്നിരിക്കുകയാണ്. ഗോത്രവർഗ്ഗക്കാർക്കുവേണ്ടി വർഷമൊക്കെ നമ്മൾ ആചരിക്കാറുണ്ട്. ഒരുപാട് പൈസയും ചെലവാക്കുന്നുണ്ട്. പക്ഷേ ഗോത്രവർഗ്ഗക്കാർ ഇല്ലാതായിക്കഴിഞ്ഞാൽ പിന്നെ എന്തിനാണ് ഇത് നടപ്പിലാക്കുന്നത്? ഗവൺമെന്റിന്റെ നയത്തിൽ ഒരു വൈരുദ്ധ്യമുണ്ട്. ഈ വൈരുദ്ധ്യം പരിഹരിക്കണം. അട്ടപ്പാടിയിൽ മാത്രമല്ല എല്ലാ പ്രദേശങ്ങളിലും ശേഷിക്കുന്ന ആദിവാസികളെയെങ്കിലും നിലനിറുത്താനാവശ്യമായ തരത്തിൽ ഫാമിലിപ്ലാനിംഗ് എന്ന സൂത്രത്തിൽനിന്ന് അവരെയെങ്കിലും ദയവായിട്ട് ഒഴിവാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. കെ. കരുണാകരൻ</u>): കുടുംബാസൂത്രണപരിപാടിയിൽനിന്നും ആരേയും ഒഴിവാക്കാൻ സാധ്യമല്ല. സ്വയം കുടുംബാസൂത്രണത്തിനുമുന്നോട്ടുവരുന്ന ആളുകളെ കുടുംബാസൂത്രണ പദ്ധതിയ്ക്ക് വിധേയരാക്കുന്നുണ്ട്. അതിന് ആകർഷണീയമായ നിലയിൽ ഒരു സംഖ്യ കൊടുക്കുന്നുണ്ട്. കുടുംബാസൂത്രണത്തിന്റെ ഫലമായി ജോലിക്ക് പോകാൻ സാധിക്കാത്ത പീരിയഡിൽ വേണ്ടരീതിയുള്ള സഹായത്തിനുവേണ്ടി സ്ത്രീകൾക്ക് 145 രൂപയും പുരുഷന്മാർക്ക് 125 രൂപയും കൊടുക്കുന്നുണ്ട്. അല്ലാതെ മദ്യമോ പുകയിലയോ കൊടുത്ത് ചെയ്യുന്നതായി അറിവിൽപ്പെട്ടിട്ടില്ല. ഏതായാലും ശരി ആദിവാസികളെക്കുറിച്ചുള്ള എന്തെങ്കിലും പരാതി കിട്ടിക്കഴിഞ്ഞാൽ അത് തീർച്ചയായിട്ടും അന്വേഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly